"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു ഭരണ വകുപ്പ്- ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി തലം മുതൽ അഡീഷണൽ സെക്രട്ടറി തലം വരെയുള്ള ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം / നിയമനം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.413/2026/GAD തീയതി, തിരുവനന്തപുരം, 28-01-2026.

---

പരാമർശം:-

1. 17/03/2025 തീയതിയിലെ 97/SC1/2025/GA (SC) നം. വിജ്ഞാപനം.
2. 01/01/2026 തീയതിയിലെ 606/SC1/2025/GA (SC) നം. വിജ്ഞാപനം.
3. 16/09/2025 - ലെ സ.ഉ (സാധാ) നം. 4008/2025/പൊ.ഭ.വ.
4. 24/10/2025 -ലെ സ.ഉ (സാധാ) നം. 1341/2025/ID.
5. 18/11/2025 -ലെ സ.ഉ (സാധാ) നം. 957/2025/WRD.
6. 02/12/2025 -ലെ 100574/112/03 നം. ഉത്തരവ്.
7. 01/01/2026 - ലെ സ.ഉ.(സാധാ) നം. 5/2026/GAD.
8. 05/01/2026 ലെ സ.ഉ.(സാധാ) നം.144/2026/GEDN.
9. 26/09/2025 -ലെ സ.ഉ (സാധാ) നം. 2351/2025/LSGD.
10. കേരള അർബൻ & റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപറേഷൻ ലിമിറ്റഡിലെ മാനേജിങ് ഡയറക്ടറുടെ 08/12/2025 ലെ കെ.യു.ആർ.ഡി.എഫ്.സി./149/2025-എ1 നം. കത്ത്.
11. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ 20/12/2025 ലെ A3/14/2022/KWC നം. കത്ത്.
12. 04/11/2025 -ലെ സ.ഉ (സാധാ) നം. 299/2025/SJD.
13. കൊല്ലം ജില്ലാ കളക്ടറുടെ 03/01/2026 -ലെ DCKLM/14364/2025-E1 നമ്പർ കത്ത്.
14. 15/03/2025 തീയതിയിലെ SS2/7/2025/GAD നം. വിജ്ഞാപനം.
15. 19/12/2025 -ലെ സ.ഉ (സാധാ) നം. 114/2025/S&TD.

16. 24/12/2025 -ലെ സ.ഉ (സാധാ) നം. 910/2025/F&P.
17. ശ്രീമതി നദിയ. വൈ, അണ്ടർ സെക്രട്ടറിയുടെ അപേക്ഷ.
18. 29/12/2025 -ലെ സ.ഉ (സാധാ) നം. 1247/2025/AGRI.

**ഉത്തരവ്**

ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി തലം മുതൽ അഡീഷണൽ സെക്രട്ടറി തലം വരെയുള്ള ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം / സ്ഥലംമാറ്റം / നിയമനം ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

**I . 123700-166800 രൂപ ശമ്പളസ്കെയിലിലുള്ള അഡീഷണൽ സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം / നിയമനം**

1. സീനിയർ മോസ്റ്റ് ജോയിന്റ് സെക്രട്ടറിയായ ശ്രീമതി. ടിക്സി എസ് നെൽസൺ (പെൻ: 100465)- ന്, അഡീഷണൽ സെക്രട്ടറി ശ്രീമതി. എൻ ശ്രീലത സുകുമാരൻ, സർവ്വീസിൽ നിന്നും വിരമിച്ചത് മൂലമുണ്ടായ ഒഴിവിൽ, അഡീഷണൽ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീമതി ടിക്സി എസ് നെൽസൺ -നെ ധനകാര്യ പെൻഷൻ - എ & ബി, ഹെൽത്ത് ഇൻഷുറൻസ്, പ്രിസം എന്നീ സെക്ഷനുകളുടെയും മെഡിസെപ് സ്റ്റേറ്റ് നോഡൽ സെല്ലിന്റെയും ചുമതലയുള്ള അഡീഷണൽ സെക്രട്ടറിയായി നിയമിക്കുന്നു.

2. അഡീഷണൽ സെക്രട്ടറി ശ്രീ. എ നൗഷാദ് (പെൻ : 100421) – നെ മെഡിസെപ് സ്റ്റേറ്റ് നോഡൽ സെല്ലിന്റെ ചുമതലയിൽ നിന്നും വിടുതൽ ചെയ്യുന്നു.

**II. 118100-163400 രൂപ ശമ്പളസ്കെയിലിലുള്ള ജോയിന്റ് സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥലമാറ്റം /സ്ഥാനക്കയറ്റം / നിയമനം**

1. അഗ്രികൾച്ചർ ഡയറക്ടറേറ്റിൽ സീനിയർ ഫിനാൻസ് ഓഫീസർ തസ്തികയിൽ . സേവനമനുഷ്ഠിക്കുന്ന ജോയിന്റ് സെക്രട്ടറി ശ്രീമതി. രേഖ നിക്സൺ (പെൻ : 101542) - നെ ഗ്രൗണ്ട് വാട്ടർ ഡയറക്ടറേറ്റിൽ സീനിയർ ഫിനാൻസ് ഓഫീസർ തസ്തികയിലേക്ക് സ്ഥലം മാറ്റി നിയമിക്കുന്നു.

2. സീനിയർ മോസ്റ്റ് ഡെപ്യൂട്ടി സെക്രട്ടറിയും കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീ. അജിത് മോഹൻ ജി (പെൻ: 101137) – ന് , ജോയിന്റ് സെക്രട്ടറിയായ ശ്രീ. റെജി ജോൺ, അഡീഷണൽ സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ചെയ്യപ്പെട്ടതു മൂലമുണ്ടായ ഒഴിവിൽ, ജോയിന്റ് സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീ. അജിത് മോഹൻ ജി -യെ പഞ്ചായത്ത് ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

3. ഡെപ്യൂട്ടി സെക്രട്ടറിയും KIIFB യിൽ ഇൻസ്പെക്ഷൻ അതോറിറ്റിയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതുമായ ശ്രീ. തോമസ് സാമുവൽ (പെൻ: 101364) –ന്, ജോയിന്റ് സെക്രട്ടറിയും ഗ്രൗണ്ട് വാട്ടർ ഡയറക്ടറേറ്റിൽ സീനിയർ ഫിനാൻസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നതുമായ ശ്രീ. സദാനന്ദൻ ഡി -യെ കേരള ഖാദി & ഗ്രാമ വ്യവസായ ബോർഡിൽ ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ നിയമിക്കപ്പെട്ടത് മൂലമുണ്ടായ ഒഴിവിൽ, ജോയിന്റ് സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

ജോയിന്റ് സെക്രട്ടറി തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തെ തുടർന്നും ശ്രീ.തോമസ് സാമുവൽ -നെ KIIFB -ൽ ഇൻസ്പെക്ഷൻ അതോറിറ്റിയിൽ അന്യത്രസേവനത്തിനു ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി തുടരാൻ അനുവദിക്കുന്നു.

4. ഡെപ്യൂട്ടി സെക്രട്ടറിയും നിലവിൽ KERAFED-ൽ ഡയറക്ടർ (ഫിനാൻസ്) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതുമായ ശ്രീ. ഷൺമുഖൻ വി. ജി (പെൻ: 100411) –ക്ക് , ശ്രീ.തോമസ് സാമുവൽ -നെ ജോയിന്റ് സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനു ശേഷവും അന്യത്രസേവനത്തിൽ തുടരാൻ അനുവദിക്കുന്ന ഒഴിവിൽ, ജോയിന്റ് സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീ. ഷൺമുഖൻ വി. ജി -യെ, ശ്രീമതി. രേഖ നിക്സൺ (പെൻ : 101542) - നെ സ്ഥലം മാറ്റുന്ന ഒഴിവിൽ, അഗ്രികൾച്ചർ

ഡയറക്ടറേറ്റിൽ സീനിയർ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

**5.** ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. അജിത് എസ് (പെൻ: **101380**) – ന് , ജോയിന്റ് സെക്രട്ടറിയും പഞ്ചായത്ത് ഡയറക്ടറേറ്റിൽ സീനിയർ ഫിനാൻസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നതുമായ ശ്രീ. ബി.സന്തോഷ് കുമാറിനെ **Resilient Kerala for Additional Financing Programme** -നു വേണ്ടിയുള്ള മിഷൻ ഡയറക്ടറേറ്റ്/**PMU**-ൽ ഫിനാൻസ് മാനേജർ തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ നിയമിക്കപ്പെട്ടത് മൂലമുണ്ടായ ഒഴിവിൽ, ജോയിന്റ് സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീ. അജിത് എസ് -ന്, ധനകാര്യ സി.എസ്.എഫ്.സി-എ,ബി,സി സെക്ഷനുകളുടെയും ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറി, പബ്ലിക്ക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി സെക്രട്ടറി എന്നീ ചുമതലകളും കൂടി നൽകി നിയമിക്കുന്നു.

**6.** ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി. ശ്രീജ ജി ആർ (പെൻ: **101173**) – ന്, ജോയിന്റ് സെക്രട്ടറിയും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽ സീനിയർ ഫിനാൻസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നതുമായ ശ്രീമതി. എസ് ദീപ, **01.12.2025** മുതൽ **04.03.2026** വരെ (**94** ദിവസം) പരിവർത്തിതാവധിയിൽ പ്രവേശിച്ചതു മൂലമുണ്ടായ ഒഴിവിൽ, ജോയിന്റ് സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീമതി. ശ്രീജ ജി ആർ -നെ ധനകാര്യ എക്സ്പെൻഡിച്ചർ-എ,ബി,സി,ഡി സെക്ഷനുകളുടെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറിയായി നിയമിക്കുന്നു.

**7.** ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. സുനിൽ ദാസ് എസ്. വൈ (പെൻ: **101382**) – യ്ക്ക് , ശ്രീമതി. ടിക്സി എസ് നെൽസൺ അഡീഷണൽ സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റം ചെയ്യപ്പെടുന്നത് മൂലമുണ്ടാകുന്ന ഒഴിവിൽ, ജോയിന്റ് സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീ. സുനിൽ ദാസ് എസ്. വൈ -യെ , ജോയിന്റ് സെക്രട്ടറിയും നിലവിൽ മെഡിസെപ് സ്റ്റേറ്റ് നോഡൽ ഓഫീസറുടെ ചുമതല

വഹിക്കുന്നതുമായ ശ്രീമതി. ഷീബ ബീഗം എസ് കെ (പെൻ : 101132) -യെ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽ സീനിയർ ഫിനാൻസ് ഓഫീസർ തസ്തികയിലേക്ക് സ്ഥലം മാറ്റി നിയമിച്ച ഒഴിവിൽ, ധനകാര്യ പെൻഷൻ - എ & ബി, ഹെൽത്ത് ഇൻഷുറൻസ്, പ്രിസം എന്നീ സെക്ഷനുകളുടെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറിയായി നിയമിക്കുന്നു.

**നിയമനം**

സമഗ്ര ശിക്ഷാ കേരള-യിലെ അന്യത്രസേവനത്തിൽ നിന്നും ധനകാര്യ വകുപ്പിൽ തിരികെ വന്നിട്ടുള്ള ജോയിന്റ് സെക്രട്ടറി ശ്രീമതി. രമ ഐ (പെൻ : 100592) -ക്ക് മെഡിസെപ് സ്റ്റേറ്റ് നോഡൽ ഓഫീസറുടെ ചുമതല നൽകുന്നു.

**I I I . 107800-160000 രൂപ ശമ്പളസ്കെയിലിലുള്ള ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥലമാറ്റം /സ്ഥാനക്കയറ്റം / നിയമനം**

1. ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറേറ്റിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡെപ്യൂട്ടി സെക്രട്ടറി ശ്രീ.ഷാജി എ കെ (പെൻ : 103803) - യെ കൊളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽ സീനിയർ ഫിനാൻസ് ഓഫീസർ തസ്തികയിലേക്ക് സ്ഥലം മാറ്റി നിയമിക്കുന്നു.

2. സീനിയർ മോസ്റ്റ് അണ്ടർ സെക്രട്ടറിയും കേരള അർബൻ & റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപറേഷൻ ലിമിറ്റഡിൽ (കെ.യു.ആർ.ഡി.എഫ്.സി) അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ അന്യത്രസേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീമതി. ലിജ എൽ ജെ (പെൻ: 104252) – ക്ക്, ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. ബിജു പി. പോളിനെ Rebuild Kerala Initiative -ലെ ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ നിയമിക്കപ്പെട്ടത് മൂലമുണ്ടായ ഒഴിവിൽ, ഡെപ്യൂട്ടി സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തെ തുടർന്നും, ശ്രീമതി. ലിജ എൽ ജെ–യെ കേരള അർബൻ & റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപറേഷൻ ലിമിറ്റഡിൽ (കെ.യു.ആർ.ഡി.എഫ്.സി) അക്കൗണ്ട്സ് ഓഫീസർ

തസ്തികയിൽ അന്യത്രസേവനത്തിനു ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി തുടരാൻ അനുവദിക്കുന്നു.

3. അണ്ടർ സെക്രട്ടറിയും കേരള വനിത കമ്മീഷനിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീമതി. ലീജ ജോസഫ് (പെൻ : 100656) - ന് , ശ്രീമതി. ലിജ എൽ ജെ - യെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനു ശേഷവും അന്യത്രസേവനത്തിൽ തുടരാൻ അനുവദിക്കുന്ന ഒഴിവിൽ, കേരള സർവ്വീസ് റൂൾസ് -ലെ ചട്ടം 37 Ruling No. 1 -ൽ ഇളവ് വരുത്തിക്കൊണ്ട് ഡെപ്യൂട്ടി സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തെ തുടർന്നും, ശ്രീമതി. ലീജ ജോസഫ് –നെ കേരള വനിതാ കമ്മീഷനിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവനത്തിനു ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി തുടരാൻ അനുവദിക്കുന്നു.

4. അണ്ടർ സെക്രട്ടറി ശ്രീമതി. രഞ്ചു റ്റി (പെൻ: 104074) – ക്ക്, ശ്രീമതി. ലീജ ജോസഫ് –നെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനു ശേഷവും അന്യത്രസേവനത്തിൽ തുടരാൻ അനുവദിക്കുന്ന ഒഴിവിൽ, ഡെപ്യൂട്ടി സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു. സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീമതി. രഞ്ചു റ്റി-യെ, ധനകാര്യ എക്സ്പെൻഡിച്ചർ-സി&ഡി, പി.ആർ.യു എന്നീ സെക്ഷനുകളുടെ ചുമതലയുള്ള ഡെപ്യൂട്ടി സെക്രട്ടറിയായി നിയമിക്കുന്നു.

5. അണ്ടർ സെക്രട്ടറിയും കേരള കള്ള് വ്യവസായ വികസന ബോർഡിലെ ഫിനാൻസ് ഓഫീസർ തസ്തികയിലെ സേവനത്തിൽ നിന്നും അവധിയിൽ പ്രവേശിച്ചിട്ടുള്ളതുമായ ശ്രീമതി. പ്രിയ എം ആർ (പെൻ: 104040) – ന്, ഡെപ്യൂട്ടി സെക്രട്ടറിയും കൊളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽ സീനിയർ ഫിനാൻസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നതുമായ ശ്രീ. പ്രിൻസ് സി.എസ്.-നെ കേരള സംസ്ഥാന വയോജന കമ്മീഷനിലെ ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ നിയമിക്കപ്പെട്ടത് മൂലമുണ്ടായ ഒഴിവിൽ, ഡെപ്യൂട്ടി സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീമതി. പ്രിയ എം ആർ-നെ, ധനകാര്യ

വകുപ്പിൽ റെക്കോർഡ്സ് സെക്ഷന്റെ ചുമതലയുള്ള ഡെപ്യൂട്ടി സെക്രട്ടറിയായി നിയമിക്കുന്നു.

**6.** അണ്ടർ സെക്രട്ടറിയും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറേറ്റിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതുമായ ശ്രീ. അഭിലാഷ് ചന്ദ്രൻ ആർ (പെൻ : **104060**) – ന്, ശ്രീ. അജിത് എസ് ജോയിന്റ് സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റം ചെയ്യപ്പെടുന്നത് മൂലമുണ്ടാകുന്ന ഒഴിവിൽ, ഡെപ്യൂട്ടി സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീ.അഭിലാഷ് ചന്ദ്രൻ ആർ -നെ, ശ്രീ.ഷാജി എ കെ (പെൻ : **103803**) - യെ സ്ഥലമാറ്റം ചെയ്യുന്ന ഒഴിവിൽ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറേറ്റിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

**7.** അണ്ടർ സെക്രട്ടറിയും കൊല്ലം കളക്ടറേറ്റിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതുമായ ശ്രീമതി. നിരഞ്ജന റ്റി പി (പെൻ : **104052**) – ക്ക്, കൊല്ലം ജില്ലാ ഫിനാൻസ് ഓഫീസറുടെ തസ്തിക ഡെപ്യൂട്ടി സെക്രട്ടറി റാങ്കിലേക്ക് താൽക്കാലികമായി ഉയർത്തുന്നതിന് കൊല്ലം ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതു വരെ കൊല്ലം ജില്ലാ കളക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ തസ്തികയുടെ പദവി താൽക്കാലികമായി ഡെപ്യൂട്ടി സെക്രട്ടറി തസ്തികയായി ഉയർത്തി കൊണ്ട് പ്രസ്തുത ഒഴിവിൽ, ഡെപ്യൂട്ടി സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു. സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീമതി നിരഞ്ജന റ്റി പി -യെ , കൊല്ലം കളക്ടേറ്റിൽ ഫിനാൻസ് ഓഫീസറുടെ തസ്തികയിൽ നിയമിക്കുന്നു.

**8.** അണ്ടർ സെക്രട്ടറി ശ്രീ. വിനോദ് കുമാർ വി (പെൻ : **104038**) – ക്ക് , ശ്രീമതി. ശ്രീജ ജി ആർ ജോയിന്റ് സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റം ചെയ്യപ്പെടുന്നത് മൂലമുണ്ടാകുന്ന ഒഴിവിൽ, ഡെപ്യൂട്ടി സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു. സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീ. വിനോദ് കുമാർ വി -യെ , ധനകാര്യ ഭരണം-സി സെക്ഷന്റെ ചുമതലയുള്ള ഡെപ്യൂട്ടി സെക്രട്ടറിയായി നിയമിക്കുന്നു.

**9.** അണ്ടർ സെക്രട്ടറി ശ്രീ. ബിനു കെ (പെൻ : **104043**) – ക്ക് , ശ്രീ സുനിൽ ദാസ് എസ്. വൈ ജോയിന്റ് സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റം

ചെയ്യപ്പെടുന്നത് മൂലമുണ്ടാകുന്ന ഒഴിവിൽ, ഡെപ്യൂട്ടി സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു. സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീ. ബിനു കെ -യെ, ധനകാര്യ എക്സ്പെൻഡിച്ചർ-എ, ബി സെക്ഷനുകളുടെ ചുമതലയുള്ള ഡെപ്യൂട്ടി സെക്രട്ടറിയായി നിയമിക്കുന്നു.

10. ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി. ശ്രീദേവി ചന്ദ്രൻ (പെൻ: 103782) – നെ സ്ട്രീംലൈനിംഗ്, ലോൺസ് സെക്ഷനുകളുടെ ചുമതല നിലനിർത്തിക്കൊണ്ട് റെക്കോർഡ്സ് സെക്ഷന്റെ ചുമതലയിൽ നിന്നും വിടുതൽ ചെയ്യുന്നു.

**I V . <u>63700-123700 രൂപ ശമ്പളസ്കെയിലിലുള്ള അണ്ടർ സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥലമാറ്റം /സ്ഥാനക്കയറ്റം / നിയമനം</u>**

1. മ്യൂസിയം & സൂ ഡയറക്ടറേറ്റിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന അണ്ടർ സെക്രട്ടറി ശ്രീമതി. വി മായാറാണി (പെൻ : 317665) - യെ ഐ.ജി രജിസ്ട്രേഷൻ കാര്യാലയത്തിൽ ഫിനാൻസ് ഓഫീസർ തസ്തികയിലേക്ക് സ്ഥലം മാറ്റി നിയമിക്കുന്നു.

2. അണ്ടർ സെക്രട്ടറിയും പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നതുമായ ശ്രീമതി നദിയ വൈ - ക്ക് ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (ADAK) -യിലെ ഫിനാൻസ് മാനേജർ തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട് എങ്കിലും, ശ്രീമതി നദിയയുടെ അപേക്ഷ പ്രകാരം ടിയാളെ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിലനിർത്തുന്നു.

3. സീനിയർ മോസ്റ്റ് അക്കൗണ്ട്സ് ഓഫീസർ ശ്രീമതി. ചിത്ര എം (പെൻ: 481132) – ന്, അണ്ടർ സെക്രട്ടറിയും ഐ.ജി രജിസ്ട്രേഷൻ കാര്യാലയത്തിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നതുമായ ശ്രീമതി. റംല എൻ, സർവ്വീസിൽ നിന്നും വിരമിച്ചതു മൂലമുണ്ടായ ഒഴിവിൽ, അണ്ടർ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു. സ്ഥാനക്കയറ്റത്തെ തുടർന്ന് ശ്രീമതി. ചിത്ര എം - നെ,

അണ്ടർ സെക്രട്ടറി ശ്രീമതി. വി മായാറാണി യെ സ്ഥലം മാറ്റുന്ന ഒഴിവിൽ, മ്യൂസിയം & സൂ ഡയറക്ടറേറ്റിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

**4.** അക്കൗണ്ട്സ് ഓഫീസർ ശ്രീമതി. അർച്ചന പി ജി (പെൻ: **494784**) - ക്ക് , അണ്ടർ സെക്രട്ടറിയും കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നതുമായ ശ്രീ. സോണി ജെ -യെ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ നിയമിക്കപ്പെട്ടത് മൂലമുണ്ടായ ഒഴിവിൽ, അണ്ടർ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെ തുടർന്ന് ശ്രീമതി. അർച്ചന പി ജി - യെ, വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറേറ്റിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

**5.** അക്കൗണ്ട്സ് ഓഫീസർ ശ്രീ. പ്രമോദ് ആർ (പെൻ: **481062**) – ന്, ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (**ADAK**) -യിലെ ഫിനാൻസ് മാനേജർ തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവിൽ, അണ്ടർ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെ തുടർന്ന് ശ്രീ. പ്രമോദ് ആർ - ന്, ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (**ADAK**) -യിലെ ഫിനാൻസ് മാനേജർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിലവിലുള്ള വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി നിയമനം നൽകുന്നു.

**6.** അക്കൗണ്ട്സ് ഓഫീസറും നിലവിൽ കോഴിക്കോട് ഇറിഗേഷൻ നോർത്ത് സർക്കിൾ സൂപ്രണ്ടിങ് എൻജിനിയറുടെ കാര്യാലയത്തിൽ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതുമായ ശ്രീമതി. ബബിത പി. കെ (പെൻ: **481066**)-ക്ക്, അണ്ടർ സെക്രട്ടറിയും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നതുമായ ശ്രീമതി. തീർത്ഥ എം ജി - യെ ഹോർട്ടികോർപ്പിലെ ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ നിയമിക്കപ്പെട്ടത് മൂലമുണ്ടായ ഒഴിവിൽ, അണ്ടർ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെ തുടർന്ന് ശ്രീമതി. ബബിത പി. കെ - ക്ക്, മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റ് ലിമിറ്റഡിൽ ഫിനാൻസ് മാനേജർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിലവിലുള്ള വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി നിയമനം നൽകുന്നു.

**7.** അക്കൗണ്ട്സ് ഓഫീസറും നിലവിൽ തിരുവനന്തപുരം മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനിയറുടെ കാര്യാലയത്തിൽ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതുമായ ശ്രീമതി. ജാസ്മിൻ പി ജമാൽ (പെൻ: **481060**) -ന്, ശ്രീ. അഭിലാഷ് ചന്ദ്രൻ ആർ, ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ചെയ്യപ്പെടുന്നതു മൂലമുണ്ടാകുന്ന ഒഴിവിൽ, അണ്ടർ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെ തുടർന്ന് ശ്രീമതി. ജാസ്മിൻ പി ജമാൽ -നെ , കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

**8.** അക്കൗണ്ട്സ് ഓഫീസർ ശ്രീമതി. മഞ്ജു എസ് (പെൻ: **481067** ) - ന്, ശ്രീ. വിനോദ് കുമാർ വി, ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ചെയ്യപ്പെടുന്നതു മൂലമുണ്ടാകുന്ന ഒഴിവിൽ, അണ്ടർ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെ തുടർന്ന് ശ്രീമതി. മഞ്ജു എസ് -നെ , ധനകാര്യ പി.ആർ.സി - സി, പി.യു-ബി എന്നീ സെക്ഷനുകളുടെ ചുമതലയുള്ള അണ്ടർ സെക്രട്ടറിയായി നിയമിക്കുന്നു.

**9.** അക്കൗണ്ട്സ് ഓഫീസറും കേരള മെഡിക്കൽ കൗൺസിലിൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ അന്യത്രസേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീമതി. അമലവാണി ജെ എസ് (പെൻ: **481065** )- ന്, ശ്രീ. ബിനു കെ, ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ചെയ്യപ്പെടുന്നതു മൂലമുണ്ടാകുന്ന ഒഴിവിൽ, അണ്ടർ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെ തുടർന്ന് ശ്രീമതി. അമലവാണി ജെ എസ് - നെ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

<u>നിയമനം</u>

**1.** അണ്ടർ സെക്രട്ടറി ശ്രീമതി സുമിത ഗോപാൽ (പെൻ : **192615**) – നെ പി ആർ സി-സി , പി. യു - ബി എന്നീ സെക്ഷനുകളുടെ ചുമതലയിൽ നിന്നും വിടുതൽ ചെയ്ത് സ്പാർക്ക് പി.എം.യു വിലെ പ്രോജക്റ്റ് മാനേജർ & ഡോമൈൻ എക്സ്പേർട്ടിന്റെയും ഇൻഫർമേഷൻ സോഫ്റ്റ് വെയർ -ന്റെയും ചുമതല നൽകുന്നു.

**2.** അണ്ടർ സെക്രട്ടറി ശ്രീ. അനിൽ കുമാർ ആർ (പെൻ : **219018**) - ന് നിലവിലെ ചുമതലകൾക്ക് പുറമെ പ്രിസം സെക്ഷന്റെ ചുമതല കൂടി നൽകുന്നു.

**V** . ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആർ.റ്റി.സി. പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പിൽ ഹാജരാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
അഡിഷണൽ സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ധനകാര്യ വകുപ്പ് മുഖേന).
ധനകാര്യ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് , എ & ഇ)), കേരള, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം.
ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ, **KERAFED**, തിരുവനന്തപുരം.
ഡയറക്ടർ, അഗ്രികൾച്ചർ വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ, കേരള അർബൻ & റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.
ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പ്, തിരുവനന്തപുരം.
ചെയർപേഴ്സണൻ, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം.
ചെയർപേഴ്സണൻ, കേരള സംസ്ഥാന വയോജന കമ്മീഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കൊളീജിയറ്റ് എഡ്യൂക്കേഷൻ വകുപ്പ്, തിരുവനന്തപുരം.
കളക്ടർ, കൊല്ലം.
ഡയറക്ടർ, മ്യൂസിയം & സൂ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ

കേരള (ADAK), തിരുവനന്തപുരം.
ചെയർമാൻ, ഹോർട്ടികോർപ്പ്, തിരുവനന്തപുരം.
മാനേജിംഗ്, ഡയറക്ടർ, മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റ് ലിമിറ്റഡ്, തൃശ്ശൂർ.
ചീഫ് കെമിക്കൽ എക്സാമിനർ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, തിരുവനന്തപുരം
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Renjith M S
Date: 29-01-2026 10:29:19
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. - ന്.
ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്. - ന്.
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. - യ്ക്ക്.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. - യ്ക്ക്.